*‘CORRUPTION, A CRIME AGAINST NATION’*


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,<br>
തിരുവനന്തപുരം-695 033,<br>
ഇമെയിൽ: vig.vacb@kerala.gov.in<br>
ഫോൺ: 0471- 2305393


തീയതി: 03.03.2023

# “കൈക്കൂലി വാങ്ങുന്നതിനിടെ മുൻസിപ്പൽ സെക്രട്ടറിയും, ഓഫീസ് അറ്റൻഡൻറും വിജിലൻസ് പിടിയിൽ” : വിജിലൻസ് ഹാട്രിക് നേട്ടം കൈവരിച്ചു.

ഖര മാലിന്യ സംസ്കരണത്തിനായി കരാറെടുത്ത കരാറുകാരനിൽ നിന്നും 25,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ തിരുവല്ല മുൻസിപ്പൽ സെക്രട്ടറി നാരായണൻ സ്റ്റാലിനും, ഓഫീസ് അറ്റൻഡന്റ് ഹസീനബീഗവും ഇന്ന് (03.03.2023) വിജിലൻസ് പിടിയിലായി.

കഴിഞ്ഞ നാല് വർഷമായി തിരുവല്ല മുനിസിപ്പാലിറ്റിയിൽ ഖരമാലിന്യ സംസ്കരണത്തിനായി കരാർ ഏറ്റെടുത്ത് നടത്തി വന്നിരുന്ന ക്രിസ്റ്റഫറിന് ഇനി ഒരു വർഷം കൂടി മാലിന്യ

സംസ്കരണം നടത്തുന്നതിന് കരാർ ഉണ്ടായിരിക്കെ തിരുവല്ല മുൻസിപ്പൽ സെക്രട്ടറിയായ നാരായണൻ സ്റ്റാലിൻ കൈക്കൂലിയായി 2 ലക്ഷം രൂപ ചോദിക്കുകയും, അല്ലാത്തപക്ഷം മുൻസിപ്പാലിറ്റിയുമായുള്ള എഗ്രിമെന്റ് റദ്ദാക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയുണ്ടായി. പരാതിക്കാരൻ ഈ വിവരം പത്തനംതിട്ട, വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി. ശ്രീ. ഹരി വിദ്യാധരനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ആദ്യ ഗഡുവായ 25,000/- രൂപ ഇന്ന് (03.03.2023) വൈകിട്ട് 5 മണിയോടെ തിരുവല്ല മുനിസിപ്പാലിറ്റി ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും നാരായണൻ സ്റ്റാലിൻ വാങ്ങി ഓഫീസ് അറ്റൻഡന്റ് ആയ ഹസീന ബീഗത്തിനെ ഏൽപ്പിച്ച സമയം വിജിലൻസ് സംഘം രണ്ടുപേരെയും കയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതികളെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, പത്തനംതിട്ട യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഹരി വിദ്യാധരനെ കൂടാതെ ഇൻസ്പെക്ടർമാരായ അഷറഫ്, രാജീവ് , അനിൽകുമാർ, അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർമാരായ ഹരിലാൽ, ഷാജി ജോൺ, മണിലാൽ, എസ്.സി.പി.ഒ മാരായ രാജീവ് കുമാർ, ബിജു, സി.പി.ഒ മാരായ ജിനുമോൻ, പ്രജീഷ്, ഗോപകുമാർ, കിരൺ, അജീർ, ഷാലു, രജിത്, രേഷ്മ, സി.പി.ഒ ഡ്രൈവർ രാജേഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.

വിജിലൻസ് നടപടികൾ ശക്തമാക്കിയതിനെ തുടർന്നാണ് ട്രാപ്പ് കേസുകളിൽ വിജിലൻസിന് ഹാട്രിക് നേട്ടം കൈവരിക്കാൻ സാധിച്ചത്. ഇക്കഴിഞ്ഞ ബുധനാഴ്ച ( 01.03.2023) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്ക് ആശുപത്രിയിലെ രണ്ടു ഡോക്ടർമാരെയും, ഇന്നലെ ( 02.03.2023) കോട്ടയം ജില്ലയിലെ പനച്ചിക്കാട് സർക്കാർ മൃഗാശുപത്രിയിലെ വെറ്റിനറി ഡോക്ടറെയും, ഇന്ന് ( 03.03.2023) പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റി

സെക്രട്ടറിയെയും ഓഫീസ് അറ്റൻഡൻറിനെയുമാണ് തുടർച്ചയായ ദിവസങ്ങളിൽ വിജിലൻസ് കൈക്കൂലി വാങ്ങുന്നതിനിടെ കൈയോടെ പിടികൂടിയത്. ഇപ്രകാരം തുടർച്ചയായ ദിവസങ്ങളിൽ വിജയകരമായ ട്രാപ്പുകൾ നടത്തി അഞ്ച് ഉദ്യോഗസ്ഥരെ കൈയോടെ പിടികൂടുന്നത് ഇത് ആദ്യമായിട്ടാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.